ഭരണ ഭാഷ-മാതൃഭാഷ

ICDS/B6-32283/2019

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 11/03/2020
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

# പരിപത്രം

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ്- വർക്കർ- ഹെൽപ്പർമാരുടെ തൊഴിൽ നികുതി ഒടുക്കുന്നത് സംബന്ധിച്ച്

സൂചന:- വിവിധ ശിശുവികസന പദ്ധതി ഓഫീസർമാരിൽ നിന്നുമുള്ള കത്തുകൾ

അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കണമെന്ന് കാണിച്ച് വിവിധ പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും കത്ത് ലഭ്യമായിരിക്കുന്നതായും, ടി വിഷയത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കണമെന്നും വിവിധ ശിശു വികസന ഓഫീസർമാർ ആവശ്യപ്പെട്ടിരിക്കുന്നു. നടപ്പ സാമ്പത്തിക വർഷത്തിൽ വിവിധ പഞ്ചായത്തുകൾ തൊഴിൽ നികുതി ചുമത്തുന്നതായും അറിയിച്ചിരുന്നു. അങ്കണവാടി ജീവനക്കാർ ഹോണറേറിയം കൈപ്പറ്റുന്ന ജീവനക്കാരാണ്. അവരുടെ ജോലി ഒരു തൊഴിലായല്ല, മറിച്ച് സേവനമായാണ് കണക്കാക്കുന്നത്. ആയതിനാൽ തൊഴിലാളികളുടെ ഗണത്തിൽ അവരെ ഉൾപ്പെടുത്താൻ സാധിക്കുകയില്ല. ആയതിനാൽ ഐ.സി.ഡി.എസ് സ്കീമിന് കീഴിൽ സേവനം ചെയ്യുന്നതും, ഹോണണേറിയം കൈപ്പറ്റിവരുന്നവരുമായ അങ്കണവാടി ജീവനക്കാരിൽ നിന്നും തൊഴിൽ കരം ഈടാക്കേണ്ടതില്ലായെന്നറിയിക്കുന്നു.

വനിതാ ശിശു വികസന ഡയറക്ടർ

1. എല്ലാ ജില്ലാ വനിതാ ശിശു ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ സി.ഡി.പി.ഒ മാർക്കും